**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1193** **30-08-2022 - ൽ മറുപടിയ്ക്ക്**

**ഗ്രീൻഫീൽഡ് ഹൈവേ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലൂടെ കടന്നുപോകുന്ന ഗ്രീൻഫീൽഡ് ഹൈവേയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | റവന്യൂ വകുപ്പും, പൊതുമരാമത്ത് വകുപ്പും നടത്തുന്ന അവലോകന യോഗങ്ങളിൽ പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലൂടെ കടന്ന് പോകുന്ന ഗ്രീൻഫീൽഡ് ഹൈവേയ്ക്ക് ഭൂമിഏറ്റെടുക്കൽ പുരോഗതി വിലയിരുത്താറുണ്ട്. |
| (ബി) | കോഴിക്കോട് ജില്ലയിൽ നിന്ന് എത്ര ഭൂമിയാണ് ഏറ്റെടുക്കുന്നത്; | (ബി) | കോഴിക്കോട് ജില്ലയിൽ ഏകദേശം 30 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. കൃത്യമായ കണക്ക് 3D സർവ്വേയ്ക്ക് ശേഷമേ ലഭ്യമാകൂ |
| (സി) | ഭൂമിയും സ്ഥാപനങ്ങളും നഷ്ടപ്പെടുന്നവരുടെ പരാതികൾ പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (സി) | പരാതികൾ ലഭിച്ച എല്ലാ കേസുകളിലും ബന്ധപ്പെട്ട LA ഓഫീസർ പരാതിക്കാരെ നേരിൽ കേട്ടിട്ടുള്ളതും. പരാതികൾ അഭിപ്രായത്തിനായി ദേശീയപാത അതോറിറ്റിയ്ക്ക് അയച്ചു നൽകിയിട്ടുള്ളതുമാണ്. പരാതികൾ സാങ്കേതികമായി വിലയിരുത്തി അന്തിമ തീർപ്പ് കൽപ്പിക്കുന്നതായിരിക്കും. |
| (ഡി) | പ്രസ്തുത പദ്ധതിക്ക് നേരത്തെ നിശ്ചയിച്ച അലൈൻമെന്റിൽ മാറ്റം വരുത്തിയിട്ടുണ്ടോ; | (ഡി) | അലൈൻമെന്റ്, LA Plan എന്നിവ 18.01.2022-ന് ദേശീയപാത അതോറിറ്റി അംഗീകരിച്ചിട്ടുണ്ട്. |
| (ഇ) | ജനവാസ കേന്ദ്രങ്ങളെയും പെരുമണ്ണ ടൗണിനേയും ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ടോ? | (ഇ) | പാലക്കാട് - മലപ്പുറം - കോഴിക്കോട് ജില്ലകളിലൂടെ കടന്ന് പോകുന്ന ഗ്രീൻ ഫീൽഡ് ഹൈവേയുടെ അലൈൻമെന്റ് സാമ്പത്തികവും സാമൂഹികവുമായ വശങ്ങൾക്ക് പുറമേ വിവിധ സാങ്കേതിക, സുരക്ഷ ഘടകങ്ങളെ അടിസ്ഥാന മാക്കിയാണ് ദേശീയപാത അതോറിറ്റി അംഗീകാരം നൽകിയത്. ഡി.പി.ആർ കൺസൾട്ടന്റ് പെരുമണ്ണ ടൗണിൽ ഒരു ഫ്ലൈഓവർ നിർമ്മിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ